ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, ഇടുക്കി
ജില്ലാ എമർജൻസി ഓപ്പറേഷൻ സെന്റർ, സിവിൽ സ്റ്റേഷൻ,
പൈനാവ്.പി.ഒ, കയിലിമല, പിൻ - 685603
ഇമെയിൽ : deocidk@gmail.com
ഫോൺ : 04862 233111, 233130, മൊബൈൽ : 9383463036,7034447100

Break the Chain

## ഇടുക്കി ജില്ലാ കളക്ടർ & ചെയർപേഴ്സൺ, ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ നടപടിക്രമം
## (ഹാജർ — ഷീബ ജോർജ്ജ് ഐ.എ.എസ്)

വിഷയം: ജില്ലാ ദുരന്തനിവാരണ അതോറിറ്റി - ഇടുക്കി ജലവൈദ്യുതപദ്ധതിയുടെ ഭാഗമായ ചെറുതോണി ഡാമിന്റെ ഷട്ടറുകൾ തുറന്ന് ജലം പുറത്തേക്കൊഴുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം
1. എക്സിക്യൂട്ടീവ് എഞ്ചിനീയർ റിസർച്ച് & ഡാം സേഫ്റ്റി ഡിവിഷൻ നം.2 ന്റെ 06.12.2021 തീയതിയിലെ RD2/DB27/IDK/2021-22/1004 നം. കത്ത്.
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ റിസർച്ച് & ഡാം സേഫ്റ്റി ഡിവിഷൻ നം.2 ന്റെ 06.12.2021 തീയതിയിലെ RD2/DB27/IDK/2021-22/1005 നം. കത്ത്.
3. ഈ ഓഫീസിലെ 18.10.2021 തീയതിയിലെ ഇതേ നം. കത്ത്.
4. ഈ ഓഫീസിലെ 06.12.2021 തീയതിയിലെ ഇതേ നം. കത്ത്.
5. 2020 – 21 വർഷങ്ങളിലെ കാലവർഷ തുലാവർഷ മുന്നൊരുക്ക പ്രതികരണ മാർഗ്ഗരേഖ (ഓറഞ്ച് പുസ്തകം)

## DCIDK/4120/2020-DM1 തീയതി 06.12.2021

ഇടുക്കി ജല വൈദ്യുത പദ്ധതിയുടെ ഭാഗമായ ഇടുക്കി ജല സംഭരണിയുടെ പൂർണ്ണ സംഭരണ ശേഷി 2403.00 അടിയാണ്. 06.12.2021 ലെ റൂൾ കർവ് പ്രകാരം ബ്ലൂ അലേർട്ട് ലെവൽ 2395.00 അടിയും ഓറഞ്ച് അലേർട്ട് 2401.00 അടിയും, റെഡ് അലെർട്ട് 2402.00 അടിയുമാണ്. ഇടുക്കി ജലസംഭരണിയുടെ ഓറഞ്ച് അലെർട്ടും റെഡ് അലെർട്ട് ലെവലും തമ്മിലുള്ള വ്യത്യാസം 1 അടിയാണ്. അണക്കെട്ടിന്റെ വൃഷ്ടി പ്രദേശത്ത് ഇടവിട്ട് മഴലഭിക്കുന്നതിനാലും മുല്ലപ്പെരിയാർ അണക്കെട്ടിലെ സ്പിൽവേ ഷട്ടറുകൾ തുറന്ന് ജലം പുറത്തേക്കൊഴുക്കിയിട്ടുള്ളതിനാലും ഇടുക്കി ജലസംഭരണിയുടെ ജലനിരപ്പ് 06/12/2021 -5.00 പി.എം ന് 2401.00 അടി എത്തിയതിനെ തുടർന്ന് പരാമർശം (1) പ്രകാരം ഓറഞ്ച് അലെർട്ട് പ്രഖ്യാപിച്ചിട്ടുള്ളതാണ്.

എന്നാൽ ഇടുക്കി അണക്കെട്ടിന്റെ വൃഷ്ടി പ്രദേശങ്ങളിൽ മഴ ലഭിക്കുന്നതിനാലും മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സ്പിൽവേയിലൂടെ 06.12.2021 രാത്രി മുതൽ അധികജലം ഒഴുക്കി വരുന്നതിനാലും അണക്കെട്ടിലെ അധികജലം പുറത്തേക്കൊഴുക്കി ജലനിരപ്പ് ക്രമീകരിക്കുന്നതിന് ആവശ്യം വന്നാൽ 07/12/2021 രാവിലെ 6.00 മണിക്ക് ശേഷം ചെറുതോണി ഡാമിന്റെ ഒരു ഷട്ടർ (നം 3) 40 സെന്റീ മീറ്റർ മുതൽ 150 സെന്റീമിറ്റർ വരെ ഉയർത്തി 40 മുതൽ 150 ക്യുമെക്സ് വരെ ജലം പുറത്തേക്കൊഴുക്കി വിടേണ്ടി വരുമെന്നും ആയതിനു അനുമതി നൽകണമെന്നും എമർജൻസി പ്ലാനിങ്ങ് മാനേജർ എന്ന നിലയിൽ എക്സിക്യൂട്ടീവ് എൻജിനീയർ പരാമർശം (2) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

ഇടുക്കി ഡാമിന്റെ ഷട്ടറുകൾ തുറക്കേണ്ടി വരുമ്പോൾ വിവിധ വകുപ്പുകൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദേശങ്ങൾ പരാമർശം (3) (4) പ്രകാരം നല്കിയിട്ടുള്ളതാണ്.

മേൽ സാഹചര്യങ്ങളിൽ **07/12/2021 രാവിലെ 6.00 മണിക്ക് ശേഷം ചെറുതോണി ഡാമിന്റെ ഒരു ഷട്ടർ (നം. 3) 40 സെന്റീ മീറ്റർ മുതൽ 150 സെന്റീമിറ്റർ വരെ ഉയർത്തി 40 മുതൽ 150 ക്യൂമെക്സ് വരെ ജലം പുറത്തേക്കൊഴുക്കുന്നതിന് അനുമതി നൽകിയും** ആയതിലേക്കായി താഴെ പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിച്ചും ഇതിനാൽ ഉത്തരവാകുന്നു.

1. പെരിയാർ നദിയിലെ ജലനിരപ്പ് ജലസേചന വകുപ്പ് തുടർച്ചയായി നിരീക്ഷിക്കേണ്ടതും അപകട സാധ്യതയുള്ള പക്ഷം ജില്ലാ ദുരന്തനിവാരണ അതോറിറ്റിയെ അറിയിക്കേണ്ടതുമാണ്.

2. പെരിയാർ നദിയുടെ തീരത്തുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മൈക്ക് അനൗൺസ്മെന്റ് മുഖേന പൊതുജനങ്ങൾക്ക് ജാഗ്രതാ നിർദേശം നൽകേണ്ടതും ഇക്കാര്യം ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഉറപ്പുവരുത്തേണ്ടതുമാണ്.

3. അപകട സാധ്യതയുള്ള മേഖലകളിൽ താമസിക്കുന്ന എല്ലാ ആളുകളെയും നിർബന്ധമായും ക്യാമ്പുകളിലേക്ക് മാറ്റുന്നതിന് ബന്ധപ്പെട്ട തഹസിൽദാർമാരെയും വില്ലേജ് ഓഫീസർമാരെയും പഞ്ചായത്ത് സെക്രട്ടറിമാരെയും ചുമതലപ്പെടുത്തുന്നു. ഇക്കാര്യം താലൂക്കിന്റെ ചുമതലയുള്ള റവന്യു ഡിവിഷണൽ ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.

4. പരാമർശം (3), (4) എന്നിവ പ്രകാരം നൽകിയിട്ടുള്ള നിർദേശങ്ങൾ എല്ലാ വകുപ്പുകളും കർശനമായി പാലിക്കേണ്ടതാണ്.

5. ജാഗ്രതാനിർദേശം ദൃശ്യ, ശ്രാവ്യ, പത്ര, സാമൂഹ്യ മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കേണ്ടതിലേക്കായി ജില്ലാ ഇൻഫർമേഷൻ ഓഫീസറെ ചുമതലപ്പെടുത്തുന്നു.

6. ജാഗ്രതാനിർദേശം വെബ്സൈറ്റ് വഴി പ്രചരിപ്പിക്കുന്നതിന് ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസറെ ചുമതലപ്പെടുത്തുന്നു.

7. ചെറുതോണി പുഴയുടെയും പെരിയാറിന്റെയും ഇരുകരകളിലുമുള്ളവർ അതീവ ജാഗ്രത പാലിക്കണമെന്ന് അറിയിക്കുന്നു.

8. ഡാം തുറക്കുന്ന സമയം വെള്ളപ്പാച്ചിൽ ഉണ്ടാകുന്ന സ്ഥലങ്ങളിലെ പുഴ മുറിച്ചു കടക്കുന്നത് നിരോധിച്ചിരിക്കുന്നു. ഈ സ്ഥലങ്ങളിലെ പുഴകളിൽ മീൻ പിടിക്കുന്നത് നിരോധിച്ചിരിക്കുന്നു. നദിയിൽ കുളിക്കുന്നതും തുണി അലക്കുന്നതും ഒഴിവാക്കുവാൻ നിർദേശിക്കുന്നു.

9. ചെറുതോണി ഡാമിന്റെ ജലനിർഗ്ഗമന മേഖലകളിൽ വിനോദസഞ്ചാരം നിരോധിച്ചിരിക്കുന്നു.

10. പൊതുജനങ്ങൾ പോലീസ് ഉൾപ്പെടെയുള്ള അധികൃതരുടെ നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

11. മാധ്യമപ്രവർത്തകർ അവർക്ക് അനുവദിച്ചിട്ടുള്ള സ്ഥലങ്ങളിൽ നിന്ന് മാത്രം ചിത്രീകരണം നടത്തേണ്ടതാണ്.

12. ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികൾ പരാമർശം (4) പ്രകാരമുള്ള 2020 – 21 വർഷങ്ങളിലെ കാലവർഷ തുലാവർഷ മുന്നൊരുക്ക പ്രതികരണ മാർഗ്ഗരേഖ (ഓറഞ്ച് പുസ്തകം)യിൽ വ്യക്തമാക്കിയിട്ടുള്ളതും ആയത് ബന്ധപ്പെട്ട വകുപ്പുകൾ നിർവ്വഹിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതുമാണ്.

ജില്ലാ കളക്ടർ & ചെയർപേഴ്സൺ
ജില്ലാ ദുരന്തനിവാരണ അതോറിറ്റി ഇടുക്കി

പകർപ്പ് :

1. പ്രൈവറ്റ് സെക്രട്ടറി, ബഹു. ജലവിഭവ വകുപ്പ് മന്ത്രി, കേരളം
2. ശ്രീ. ഡീൻ കുര്യാക്കോസ്, ബഹു. എം.പി., ഇടുക്കി
3. ശ്രീ.പി.ജെ.ജോസഫ്, ബഹു. എം.എൽ.എ, തൊടുപുഴ
4. ശ്രീ.എം.എം. മണി, ബഹു. എം.എൽ.എ, ഉടുമ്പൻചോല
5. അഡ്വ.വാഴൂർ സോമൻ, ബഹു.എം.എൽ.എ, പീരുമേട്
6. അഡ്വ. എ.രാജ, ബഹു. എം.എൽ.എ, ദേവികുളം
7. ശ്രീ. ജിജി കെ.ഫിലിപ്പ്, പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത്
8. മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി
9. ജില്ലാ ദുരന്തനിവാരണ അതോറിറ്റി അംഗങ്ങൾ, ഇടുക്കി
10. ജില്ലാ കളക്ടർ, എറണാകുളം / തൃശ്ശൂർ (തുടർനടപടികൾക്കായി)
11. ജില്ലാ പോലീസ് മേധാവി, ഇടുക്കി.
12. ജില്ലാ ഫയർ ഓഫീസർ, ഇടുക്കി.
13. ജില്ലാ മെഡിക്കൽ ഓഫീസർ (ആ), ഇടുക്കി.
14. ഡെപ്യൂട്ടി ഡയറക്ടർ, എഡ്യൂക്കേഷൻ, ഇടുക്കി.
15. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തൊടുപുഴ, ഇടുക്കി.
16. ജില്ലാ പഞ്ചായത്ത് സെക്രട്ടറി, ഇടുക്കി.
17. ജില്ലാ സപ്ലൈ ഓഫീസർ, ഇടുക്കി.
18. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത്, നിരത്ത് വിഭാഗം, ഇടുക്കി.
19. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത്, കെട്ടിട വിഭാഗം, ഇടുക്കി.
20. റവന്യൂ ഡിവിഷണൽ ഓഫീസർ, ഇടുക്കി.
21. റവന്യൂ ഡിവിഷണൽ ഓഫീസർ, ദേവികുളം
22. എക്സിക്യൂട്ടീവ് എഞ്ചിനിയർ, ഡാം സേഫ്റ്റി, കെ.എസ്.ഇ.ബി, വാഴത്തോപ്പ്
23. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത്, നാഷണൽ ഹൈവേ.

24. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, തൊടുപുഴ.
25. മുനിസിപ്പൽ സെക്രട്ടറി, കട്ടപ്പന/ തൊടുപുഴ
26. എല്ലാ തഹസിൽദാർമാർക്കും
27. ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർക്ക് (തഹസിൽദാർ മുഖേന)
28. ബന്ധപ്പട്ട പഞ്ചായത്ത് സെക്രട്ടറിമാർക്ക് (ഡി ഡി പി മുഖേന)
29. ജില്ലാ ഇൻഫർമേഷൻ ഓഫീസർ (ദൃശ്യ, ശ്രവ്യ, പത്ര മാധ്യമ പ്രസിദ്ധീകരണത്തിനായി)
30. ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി )
31. ജില്ലാ കളക്ടറുടെ ഔദ്യോഗിക ഫേസ്ബുക്ക് പേജിലേക്ക്